പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ടി കേസുകളിലെ ഏതെങ്കിലും തെളിവ് സാമഗ്രികൾ കോടതിയിൽ നൽകാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സോളാർ കേസിലെ പ്രതിയായ ശ്രീമതി. സരിത, ടിയാളുടെ പക്കൽ നിന്നും കസ്റ്റഡിയിലെടുത്ത സാമഗ്രികളിൽ നിന്നുള്ള ദൃശ്യങ്ങൾ പുറത്തുവിട്ട എന്ന് ആരോപിച്ചും, ടി കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ട്.

(ഡി) സോളാർ കേസുകൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിലെ തെളിവ് സാമഗ്രികൾ/രേഖകൾ കോടതിയിൽ ഹാജരാക്കാതെ പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടില്ല. അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുക്കപ്പെട്ട എല്ലാ തെളിവ് സാമഗ്രികളും/രേഖകളും യഥാസമയം തന്നെ കോടതികളിൽ ഹാജരാക്കിയിട്ടുണ്ട്.

സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷിന്റെ മരണം

184 (185) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മുന്നിയൂർ സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) അന്വേഷണ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം വ്യക്തികളെയാണ് പ്രതി ചേർത്തിരിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പാലക്കാട് ജില്ലയിലെ മലമ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 405/2014 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ അനീഷ് ജോലി ചെയ്തിരുന്ന സ്കൂളിലെ മാനേജർ, ഹെഡ്മാസ്റ്റർ തുടങ്ങിയവർ മാനസികമായി പീഡിപ്പിച്ചിരുന്നു എന്ന് ബന്ധുക്കൾ മൊഴി നൽകിയതിനാൽ 304 r/w 34 IPC ആയി സെക്ഷൻ ഭേദഗതി ചെയ്ത് ജില്ലാ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരികയാണ്.

(ബി) അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ ആരൊക്കെയാണെന്ന് സ്ഥിതീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly